# കേരള സർവകലാശാല

നം. പി.ആർ.247/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബിരുദാനന്തരബിരുദ പ്രവേശനം 2017-18 – യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കാം.

കേരള സർവകലാശാലയുടെ വെള്ളറട, പാറശ്ശാല യു.ഐ.ടി.കളിൽ പുതുതായി അനുവദിച്ച എം.കോം കോഴ്സുകൾക്ക് നവംബർ 17 വൈകുന്നേരം അഞ്ച് മണി വരെ അപേക്ഷ സമർപ്പിക്കാം. മേൽപ്പറഞ്ഞ രണ്ട് യു.ഐ.ടി.കളിലേയ്ക്കുമുള്ള പ്രവേശനത്തിന് വെള്ളറട യു.ഐ.ടി. പ്രിൻസിപ്പലിനാണ് വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ സമർപ്പിക്കേണ്ടത്. ഏത് യു.ഐ.ടി.യിലെ കോഴ്സിലേയ്ക്കാണ് പ്രവേശനം ആഗ്രഹിക്കുന്നതെന്ന് അപേക്ഷയിൽ കൃത്യമായും രേഖപ്പെടുത്തണം. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഓൺലൈൻ അപേക്ഷയുടേയും മാർക്ക് ലിസ്റ്റുകളുടേയും സംവരണം/മറ്റാനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടേയും പകർപ്പ് ഉണ്ടായിരിക്കണം. രണ്ട് യു.ഐ.ടി.കളിലേയും എം.കോം കോഴ്സുകൾക്ക് അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കാര്യവട്ടത്തെ ഹസ്തലിഖിത ഗ്രന്ഥശാലയിൽ, താളിയോലകളുടെ ഡിജിറ്റൈസേഷന്റെ ഭാഗമായി ദിവസവേതന അടിസ്ഥാനത്തിൽ മാനുസ്ക്രിപ്റ്റ് അസിസ്റ്റന്റ്, ഓയിലിംഗ് അസിസ്റ്റന്റ് എന്നീ താല്ക്കാലിക ഒഴിവിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 21 (50 രൂപ പിഴയോടെ നവംബർ 23, 125 രൂപ പിഴയോടെ നവംബർ 25) വരെയും ഫീസടച്ച് അപേക്ഷിക്കാം. ട്രാൻസിറ്ററി/മേഴ്സി ചാൻസ് ആയി പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവ്വകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എസ്സി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, മെഡിസിനൽ കെമിസ്ട്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി ജിയോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ നാലും ആറും സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ രജിസ്ട്രേഷൻ

കേരള സർവകലാശാല ഡിസംബർ എട്ടിന് ആരംഭിക്കുന്ന എം.സി.എ രണ്ടാം സെമസ്റ്റർ (2011 സ്കീം) സപ്ലിമെന്ററി, നാലാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റഗുലർ, ഡിസംബർ 20 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2009 സ്കീം) ഫുൾടൈം, പാർട്ട് ടൈം, യു.ഐ.എം, റഗുലർ ഈവനിംഗ് പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
14.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098